DESPATCHED
On...15/06/2020

05/06/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 601(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2449**/എസ്.ഐ.സി-ജി 6/17)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുഭാഷ് എസ്. (Ex-Air Force) ,
ഗാലറി, പൗണ്ട്കടവ്,
വലിയവേളി പി.ഒ.,
തിരുവനന്തപുരം – 695 021.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്, ആറ്റിപ്ര.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.11.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.12.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.02.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.02.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.02.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സുഭാഷ് എസ്., 20.02.2017ന്

സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കു കയും ആയത് **AP.No.601(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമായി ല്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് നൽകിയതെന്നും ടി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരി ക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.11.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30.12.2016ന് നൽകിയ മറുപടിയിൽ ആറ്റിപ്ര വില്ലേജ് ബ്ലോക്കിൽ നമ്പർ 18ൽ റീസർവ്വെ 168/2ൽ ഉൾപ്പെട്ട സ്ഥലം സർക്കാർ പുറമ്പോ ക്കാണെന്നും ടി സ്ഥലത്ത് അനധികൃത കൈയ്യേറ്റമുണ്ടെന്ന് അറിഞ്ഞതിന്റെ അടി സ്ഥാനത്തിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യമുണ്ടെന്ന് കാണിച്ച് അഡീഷണൽ തഹസിൽദാർക്ക് 802/16 നമ്പരായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും സർവ്വെ ജോലികൾ പൂർത്തിയായാൽ മാത്രമേ അനധികൃത കൈയ്യേറ്റം എത്രത്തോളമുണ്ടെന്ന് അറിയാൻ കഴിയുകയു ള്ളുവെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 10.02.2017ന് നൽകിയ മറുപടിയിൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് 03.02.2017ന് ഹിയറിംഗ് നിശ്ചയിച്ചിരുന്നുവെങ്കിലും ഹർജിക്കാരൻ ഹാജരായി ല്ലെന്നും എസ്.പി.ഐ.ഒ.ഹാജരായി റിപ്പോർട്ട് സമർപ്പിച്ചുവെന്നുമാണ്. ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വില്ലേജ് ഓഫിസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളവയല്ലെന്നും വിശദീകരണങ്ങൾ വ്യാഖ്യാനങ്ങൾ സുദീർഘവും സങ്കീർണ്ണവുമായ വിവരങ്ങൾ ആവശ്യപ്പെടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ലെന്നും എന്നാലും ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് ക്രമനമ്പർ 5ലെ ചോദ്യമായ പോലീസ് സഹായത്തോടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസിൽ അറിയിച്ചിട്ടില്ലെന്നുമാണ്. കൂടാതെ ടിയാൻ പരാമർശിക്കുന്ന കെട്ടിടം സർക്കാർ ഭൂമിയിലാണോ എന്ന വിവരം താലൂക്ക് സർവ്വെയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ അറിയാനാകൂ എന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി നൽകിയ മറു

പടി ശരിവച്ചുകൊണ്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച തിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഡെപ്യൂട്ടി തഹസിൽദാരായ ശ്രീ.ബി.ആർ.നാഗേഷ്, എന്ന ഓഫീസർക്ക് സുഖമില്ലാത്തതിനാലാണ് 28.1.2020ലെ ഹിയറിംഗിൽ ഹാജരാകാത്തതെന്നും ടിയാന് മറ്റൊരവസരം നൽകണമെന്നും 28.01.2020ലെ കത്തു മുഖാന്തിരം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. തുടർന്ന് 15.02.2020ലെ ഹിയറിംഗിൽ ടിയാൻ ഹാജരാകുകയും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു മൊഴി നൽകുകയും ചെയ്തു. കൂടാതെ ഹർജി ക്കാരനു നൽകിയ മറുപടിയിൽ അനധികൃത കൈയ്യേറ്റം അളന്നു തിട്ടപ്പെടുത്തു ന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യമുണ്ടെന്ന് കാണിച്ച് അഡീഷ ണൽ തഹസിൽദാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരുന്നുവെ ന്നുമാണ്. എന്നാൽ താലൂക്ക് ഓഫീസിൽ നിന്നും 802/16 എന്ന കത്തിന്റെ പകർപ്പെടുത്ത് താലൂക്ക് സർവ്വെയർക്ക് നൽകി ഹർജിക്കാരന് രേഖകൾ നൽകാൻ നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ഒന്നാം എതിർകക്ഷി ടി വിവരങ്ങൾ രേഖപ്പെടു ത്തിയ റിപ്പോർട്ട് ഒരു മാസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്നും കമ്മീ ഷൻ ഹിയറിംഗ് വേളയിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഒന്നാം എതിർകക്ഷി നാളി തുവരെ ടി റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിച്ചതായി കാണുന്നില്ല. ആകയാൽ ഈ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം മേൽപ്പടി റിപ്പോർട്ട് കമ്മീഷനിൽ സമർപ്പി ക്കേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 05-ാം തീയതി കമ്മീ ഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/